# ഇസ്‌ലാമിക രാഷ്ട്ര സങ്കൽപവും മതരാഷ്ട്രവാദവും

**ചോദ്യം:** ***ഇസ്‌ലാമിക രാഷ്ട്ര സങ്കൽപത്തെക്കുറിച്ച് താങ്കൾ സംസാരിക്കുന്നത് ശ്രദ്ധിക്കുകയുണ്ടായി. ഇസ്‌ലാമിക രാഷ്ട്രമെന്നാൽ ദൈവിക രാഷ്ട്രമാണെന്നും അതിന്റെ അവലംബം ഇസ്‌ലാമിക ദർശനമാണെന്നും താങ്കൾ പറയുന്നു. എന്താണതിന്റെ വിവക്ഷ.***

ഉത്തരം നൽകുന്നത് **ഡോ. യൂസുഫുൽ ഖറദാവി**

ഇസ്‌ലാമിന്റെ ആവിർഭാവത്തിന് മുമ്പും പിമ്പും ലോകം ദർശിച്ച രാഷ്ട്രങ്ങളെ പോലെയല്ല ഇസ്‌ലാമിക രാഷ്ട്രം. ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഇതര രാഷ്ട്രസങ്കൽപങ്ങളിൽനിന്ന് തീർത്തും വ്യത്യസ്തമാണത്. ദൈവത്തിന്റെ പേരിൽ ജനങ്ങളെ അടക്കിഭരിക്കുന്ന മതരാഷ്ട്രം (തിയോക്രാറ്റിക് സ്റ്റേറ്റ്) അല്ല ഇസ്‌ലാമിന്റേത്. സ്രഷ്ടാവിന്റെ താൽപര്യത്തെ പ്രതിനിധീകരിക്കുന്നുവെന്ന് അവകാശപ്പെടുന്ന പുരോഹിതവർഗത്തിന്റെ സ്റ്റേറ്റുമല്ല. മറിച്ച്, ഇസ്‌ലാമിക ദർശനത്തിന്റെ ഭൂമികയിലൂന്നി ഭരണം നടത്തുകയും ജനങ്ങളും ഭരണാധികാരിയും തമ്മിലുള്ള ഉടമ്പടിയുടെയും കൂടിയാലോചനയുടെയും അടിസ്ഥാനത്തിൽ നിലകൊള്ളുകയും ചെയ്യുന്ന ഒന്നാണ്. ജനങ്ങളാണ് വിശ്വസ്തരും സേവന സന്നദ്ധരുമായ ജനപ്രതിനിധികളെ തെരഞ്ഞെടുക്കുക. വിശ്വസ്തതയും സേവന സന്നദ്ധതയുമൊക്കെ നഷ്ടപ്പെട്ടു കഴിഞ്ഞ ഒരാൾക്ക് ആ രാഷ്ട്രത്തിന്റെ പ്രതിനിധിയാവാൻ സാധിക്കില്ല. ഇതര സമൂഹങ്ങളിൽ ഉള്ളതുപോലെ പുരോഹിതവർഗത്തിന്റെ അപ്രമാദിത്വം ഇസ്‌ലാം അംഗീകരിക്കുന്നില്ല. ഓരോ മുസ്‌ലിമും ദീനിന്റെ വക്താവാകാൻ യോഗ്യനാണ്. ഇസ്‌ലാമിക ജ്ഞാനമണ്ഡലങ്ങളിൽ അവഗാഹമുള്ള പണ്ഡിതന്മാർക്ക് തീർച്ചയായും സവിശേഷ സ്ഥാനമുണ്ടാവുമെന്നത് ശരിയാണ്. നിയമത്തിലും തത്ത്വചിന്തയിലും മറ്റു സാമൂഹിക ശാസ്ത്രങ്ങളിലുമെല്ലാം വ്യുൽപ്പത്തിയുള്ളവർക്ക് ഇതര സമൂഹങ്ങളിൽ ലഭിക്കുന്ന സ്ഥാനത്തിന് സമാനമാണിത്. ഇസ്‌ലാമിക സമൂഹം ശരിയായ പാതയിൽ ചലിക്കുന്നതിന് ആവശ്യമായ ഉപദേശ നിർദേശങ്ങൾ പണ്ഡിതന്മാർ രാഷ്ട്രത്തിന് നൽകിക്കൊണ്ടിരിക്കണം. ഇതാണ് പണ്ഡിതന്മാർക്ക് രാഷ്ട്രഘടനയിലുള്ള സ്ഥാനം. ഇത് ഓരോ മുസ്‌ലിമിന്റെയും ബാധ്യതയാണെങ്കിലും പണ്ഡിതന്മാർക്ക് ഇക്കാര്യത്തിൽ കൂടുതൽ ബാധ്യതയുണ്ട്. അങ്ങനെ സത്യത്തെ സത്യമായും മിഥ്യയെ മിഥ്യയായും അനുവദനീയങ്ങളെ അനുവദനീയങ്ങളായും നിഷിദ്ധങ്ങളെ നിഷിദ്ധങ്ങളായും തിരിച്ചറിയാൻ ഇസ്‌ലാമിക രാഷ്ട്രവും സമൂഹവും പ്രാപ്തി നേടുന്നു. യുക്തമായ ഉപദേശങ്ങൾ നൽകലും നന്മയുടെ സംസ്ഥാപനവും തിന്മയുടെ ഉഛാടനവും പണ്ഡിതന്മാരുടെ കർത്തവ്യം തന്നെ. ഇക്കാര്യത്തിൽ ഒരു വിമർശകനെയും പണ്ഡിതന്മാർ ഭയപ്പെടാവതല്ല.

ഇസ്‌ലാമിക രാഷ്ട്രത്തിന് പണ്ഡിതന്മാരോട് തിരിച്ചും ചില കടമകളുണ്ട്. പ്രബോധന പ്രവർത്തനങ്ങൾ നടത്താനും നന്മ കൽപിക്കാനും തിന്മ വിരോധിക്കാനുമെല്ലാം രാഷ്ട്രത്തിന്റെ പിന്തുണയും സഹായവും പണ്ഡിതന്മാർക്ക് ലഭിച്ചിരിക്കണം. നിയമപ്രശ്നങ്ങൾക്കും മറ്റും തീർപ്പുകൽപിക്കുന്ന പണ്ഡിതസഭക്കോ ഭരണഘടനാ സാധുതയുള്ള കോടതിക്കോ രൂപംനൽകാവുന്നതാണ്. ഇസ്‌ലാമിന്റെ അന്തസ്സത്തക്ക് നിരക്കാത്ത ഉത്തരവുകൾ ഇറക്കാതിരിക്കാൻ ഇത്തരം സംവിധാനങ്ങൾ ശ്രദ്ധിക്കണം. അങ്ങനെ വിജ്ഞാനവും ഭരണവും തോളോടുതോൾ ചേർന്ന് മുന്നോട്ടു ചലിക്കുന്നു. ചില ചരിത്ര സന്ദർഭങ്ങളിൽ ഉണ്ടായതുപോലെ, വിജ്ഞാനവും ഭരണവും തമ്മിലുള്ള വേർതിരിവ് ഇവിടെ സംഭവിക്കില്ല. പണ്ഡിതന്മാർ ഒരറ്റത്തും ഭരണാധികാരികൾ മറ്റൊരു അറ്റത്തുമായിരുന്നു അന്ന്. കവികളും സ്തുതിപാഠകരുമല്ലാതെ ഭരണാധികാരികളെയൊട്ട് സമീപിച്ചതുമില്ല. ഇസ്‌ലാമിക നിയമങ്ങൾ ആഴത്തിൽ മനസ്സിലാക്കി, സ്വതന്ത്രമായി ഗവേഷണം നടത്താൻ മാത്രം പ്രാപ്തിയുള്ള പണ്ഡിതനായിരിക്കണം ഇസ്‌ലാമിക ഭരണാധികാരി എന്നതാണ് അടിസ്ഥാന തത്ത്വം. സച്ചരിതരായ ഖലീഫമാരും അവരുടെ പാത പിന്തുടർന്നുപോന്ന പൂർവസൂരികളും ഇക്കാര്യത്തിൽ മാതൃക കാണിച്ചിട്ടുണ്ട്. രാഷ്ട്ര നേതാക്കളും ന്യായാധിപന്മാരും ഇജ്തിഹാദ് (ഗവേഷണം) ചെയ്യാൻ യോ

ഗ്യരായിരിക്കണമെന്ന ഉപാധി എല്ലാ പണ്ഡിതന്മാരും അംഗീകരിച്ചിട്ടുണ്ട്. അനിവാര്യ സാഹചര്യങ്ങളിലല്ലാതെ ഈ നിബന്ധന ഒഴിവാക്കുകയില്ല.

ഇസ്‌ലാമിക രാഷ്ട്രം തിയോക്രാറ്റിക് സങ്കൽപത്തിലുള്ള മതരാഷ്ട്രമല്ല എന്നതുപോലെ, അത് ശുദ്ധ മതേതര (സെക്യുലരിസ്റ്റ്) രാഷ്ട്രവുമല്ല. കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലേതുപോലെ മതത്തെ പാടെ നിഷേധിക്കുക, മതത്തെ ശത്രുവായി പ്രതിഷ്ഠിക്കുക, മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന് പ്രചരിപ്പിക്കുക തുടങ്ങിയ അർഥങ്ങളിലൊന്നും ഇസ്‌ലാമിക രാഷ്ട്രം സെക്യുലർ സ്റ്റേറ്റല്ല. പാശ്ചാത്യ രാഷ്ട്രങ്ങളിലുള്ളതുപോലെ, മത-രാഷ്ട്ര വിഭജനം നടത്തുക, സാമൂഹിക മണ്ഡലത്തിൽ മതത്തിന്റെ പങ്ക് നിഷേധിക്കുക എന്നീ അർഥങ്ങളിലും ഇസ്‌ലാമിക രാഷ്ട്രം മതേതരമല്ല. പാശ്ചാത്യ രാഷ്ട്രങ്ങൾ ദൈവാസ്തിക്യത്തെ നിരാകരിക്കുന്നില്ലെങ്കിലും, ദൈവത്തിന്റെ ആവശ്യകതയെ നിരാകരിക്കുന്നുണ്ട്.

ചുരുക്കത്തിൽ, ദൈവിക നിയമങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപിതമാവുന്ന ഒരു സിവിൽ രാഷ്ട്രമാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. ഇക്കാരണം കൊണ്ടുതന്നെ ദൈവിക സഹായം ലഭിക്കാൻ അർഹമായിത്തീരുന്നു ആ രാഷ്ട്രം. അങ്ങനെയല്ലെങ്കിൽ ആ രാഷ്ട്രത്തിന്റെ സാധുതക്കും അസ്തിത്വത്തിനും ഒരു ന്യായീകരണവുമില്ല. വിശുദ്ധ ഖുർആൻ പറയുന്നു: “തന്നെ സഹായിക്കുന്നവരെ ഉറപ്പായും അല്ലാഹു സഹായിക്കും. അല്ലാഹു സർവശക്തനും ഏറെ പ്രതാപിയും തന്നെ. ഭൂമിയിൽ നാം അധികാരം നൽകുകയാണെങ്കിൽ അവർ നമസ്കാരം നിഷ്ഠയോടെ നിർവഹിക്കും; സകാത്ത് നൽകും, നന്മ കൽപിക്കും. തിന്മ തടയും” (*അൽഹജ്ജ്* 40,41).

***ചോദ്യം: ഡമോക്രാറ്റിക്, തിയോക്രാറ്റിക്, സെക്യുലരിസ്റ്റ്, സോഷ്യലിസ്റ്റ് തുടങ്ങിയ പദങ്ങൾ കൊണ്ട് ഇസ്‌ലാമിക രാഷ്ട്രത്തെ വിശേഷിപ്പിക്കാമോ?***

ഉത്തരം നൽകുന്നത് **ശൈഖ് ഫൈസൽ മൗലവി** (ലബ്നാൻ)

ജനങ്ങൾക്ക് ഭരണാധികാരിയെ തെരഞ്ഞെടുക്കാനും വിചാരണ ചെയ്യാനും ഭരണത്തിൽനിന്ന് ഒഴിവാക്കാനുമുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കുക, ജനങ്ങൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും വകവെച്ചു കിട്ടുക, നിലനിൽക്കുന്ന വ്യവസ്ഥിതിയോട് സമാധാനപരമായി വിയോജിക്കാൻ അവസരം നൽകുക പോലുള്ള കാര്യങ്ങളിൽ ഇസ്‌ലാമിക രാഷ്ട്രത്തിന് ജനാധിപത്യ രാഷ്ട്രത്തോട് സാദൃശ്യമുണ്ട്.

വേറെ ചില കാര്യങ്ങളിൽ ഇസ്‌ലാമിക രാഷ്ട്രം ജനാധിപത്യ രാഷ്ട്രത്തിൽനിന്ന് ഭിന്നവുമാണ്. ജനാധിപത്യ രാഷ്ട്ര സംവിധാനത്തിലെ ജനങ്ങൾക്ക് തങ്ങളുടെ സ്വാതന്ത്ര്യമുപയോഗിച്ച് യഥേഷ്ടം നിയമങ്ങൾ ആവിഷ്കരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഇസ്‌ലാമിക രാഷ്ട്രത്തിലാവട്ടെ, നിയമനിർമാണം ഇസ്‌ലാമിക ശരീഅത്തിലെ ഖണ്ഡിതമായ നിയമങ്ങൾക്ക് വിധേയമാണ്. അതേസമയം ഒരു സ്വീകാര്യമായ വ്യക്തിയെ ഭരണാധികാരിയായി തെരഞ്ഞെടുക്കുക, അഭിപ്രായ സ്വാതന്ത്ര്യം ഉൾപ്പെടെയുള്ള മൗലികാവകാശങ്ങൾ സംരക്ഷിക്കുക പോലുള്ള ജനാധിപത്യ രീതികൾ സ്വീകാര്യവുമാണ്. ഇതെല്ലാം കൂട്ടിക്കലർത്തി അവ്യക്തതയുണ്ടാക്കാൻ പാടില്ല.

ഇസ്‌ലാമിക സ്റ്റേറ്റും തിയോക്രാറ്റിക് സ്റ്റേറ്റും (മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ നിലനിന്ന ക്രൈസ്തവ ചർച്ചിന്റെ മതഭരണം) തമ്മിലുള്ള സാദൃശ്യം, രണ്ടും ഒരു നിർണിത മതത്തിന് വിധേയപ്പെടുന്നു എന്ന കാര്യത്തിൽ മാത്രമാണ്. മറ്റു ഒട്ടുമിക്ക കാര്യങ്ങളിലും രണ്ടും വ്യത്യസ്തത പുലർത്തുന്നു. ദൈവം നേരിട്ട് തങ്ങളെ അധികാരം ഏൽപിച്ചു എന്ന് അവകാശപ്പെടുന്ന പുരോഹിത വർഗമാണ് തിയോക്രാറ്റിക്ക് സ്റ്റേറ്റിലെ ഭരണാധികാരികൾ. എന്നാൽ ജനങ്ങൾ തെരഞ്ഞെടുക്കുന്ന വ്യക്തികളാണ് ഇസ്‌ലാമിക രാഷ്ട്രത്തിലെ ഭരണാധികാരികൾ. അവർ പണ്ഡിതന്മാർ ആവണമെന്നില്ല; അഭിപ്രായ വ്യത്യാസമുള്ള വിഷയങ്ങളിൽ ഭരണാധികാരിയുടെ മുഖ്യാവലംബം പണ്ഡിതന്മാരായിരിക്കുമെങ്കിലും. ജനങ്ങളിൽനിന്നാണ് ഭരണാധികാരി തന്റെ അധികാരം സ്വീകരിക്കുന്നത്. ജനങ്ങൾക്ക് ഭരണാധികാരിയെ വിചാരണ ചെയ്യാം, വേണ്ടി വന്നാൽ പുറത്താക്കാം.

രാഷ്ട്രത്തിന്റെ അടിസ്ഥാനശിലകൾ എന്തായിരിക്കണമെന്ന കാര്യത്തിൽ ഇസ്‌ലാമിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. ക്രൈസ്തവ മതമാകട്ടെ ഇത്തരം അടിസ്ഥാനങ്ങളൊന്നുംതന്നെ മുന്നോട്ടു വെക്കുന്നില്ല. ക്രൈസ്തവതയിൽ പഠനഗവേഷണങ്ങളും ഭരണാധികാരിയുടെ തെരഞ്ഞെടുപ്പുമെല്ലാം പുരോഹിതരിൽ നിക്ഷിപ്തമാണ്. അവിടെ മതപുരോഹിതന്മാർക്കാണ് നിയമങ്ങൾ നിർമിക്കാനുള്ള അധികാരം. ഇസ്‌ലാമിക ഭരണത്തിൽ ഖുർആനിലും നബിചര്യയിലും വിവരിച്ച നിയമ സംഹിതയായിരിക്കും അടിസ്ഥാനം. ഭരണാധികാരിയും ഭരണീയരുമെല്ലാം ഈ നിയമസംഹിതക്ക് വിധേയപ്പെടാൻ നിർബന്ധിതരാണ്.

ഇസ്‌ലാമിക ഭരണസംവിധാനത്തിന് ജനാധിപത്യം, മതേതരത്വം, സോഷ്യലിസം തുടങ്ങിയ വിശേഷണങ്ങൾ ചാർത്തുന്നത് ശരിയല്ല. ഇസ്‌ലാമിന്റേത് സവിശേഷമായ ഒരു ഭരണരീതിതന്നെയാണ്. ജനാധിപത്യത്തോട് യോജിക്കുകയും അതിനോട് വിയോജിക്കുകയും ചെയ്യുന്ന വശങ്ങൾ അതിൽ കാണാം. മതേതരത്വത്തിന്റെയും സോഷ്യലിസത്തിന്റെയും കാര്യവും ഇങ്ങനെ തന്നെ. ഇത്തരം വിഷയങ്ങൾ ഇസ്‌ലാമിന് നൽകുന്നത് സൂക്ഷിച്ചുവേണം. അല്ലാഹു ഈ ആദർശത്തെ ഇസ്‌ലാമെന്നും അതിന്റെ അനുയായികളെ മുസ്‌ലിംകളെന്നും പേര് വെച്ചിരിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: “ഇന്ന് നിങ്ങളുടെ ജീവിതവ്യവസ്ഥ ഞാൻ നിങ്ങൾക്ക് തികവുറ്റതാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തീകരിച്ചുതന്നിരിക്കുന്നു. ഇസ്‌ലാമിനെ നിങ്ങൾക്ക് ജീവിതവ്യവസ്ഥയായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു...” (*അൽമാഇദ* 3). “അല്ലാഹു നിങ്ങളെ മുസ്‌ലിംകളെന്ന് വിളിച്ചിരിക്കുന്നു. ഈ ഖുർആനിലും അതുതന്നെയാണ് വിളിപ്പേര്. ദൈവദൂതൻ നിങ്ങൾക്ക് സാക്ഷിയാകാനാണിത്...” (*അൽഹജ്ജ്* 78). എന്നാൽ ഈ നിലപാട് ജനാധിപത്യ മതേതര സോഷ്യലിസ്റ്റ് സ്റ്റേറ്റുകളിൽ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിൽ മുസ്‌ലിംകൾക്ക് തടസ്സമല്ല; ആ രാഷ്ട്രങ്ങൾ മതപ്രബോധനത്തിനുള്ള സ്വാതന്ത്ര്യം നൽകുന്നുണ്ടെങ്കിൽ. ദൈവത്തെ നിരാകരിക്കാത്ത നിയമങ്ങൾ അവർ പാലിക്കുകയും ന്യായമായ അവകാശങ്ങൾ അനുവദിച്ചുകിട്ടുന്നതിന് പരിശ്രമിക്കുകയും ചെയ്യണം. ■